111 (129) വയർലസ് ഉപകരണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കല്ലുവാതുക്കൽ മദ്യദുരന്തത്തിലെ പ്രതി മണിച്ചന്റെ ചിറയിൻകീഴ് കൊച്ചാലുംമൂട് ഗോഡൗണിൽ റെയ്ഡു നടത്തുമ്പോൾ അത്യാധുനികമായ വയർലസ് ആന്റിനയും ഡിഷ് ആന്റിനയും കണ്ടെത്തുകയുണ്ടായോ;

(ബി) ഈ ആന്റിന പോലീസിനല്ലാതെ മറ്റുള്ളവർക്ക് വിലയ്ക്കു വാങ്ങുവാൻ കഴിയുന്നതാണോ;

(സി) ഇതിന്റെ ഫ്രീക്വൻസി പോലീസ് വയർലസ്സിന്റെ ഫ്രീക്വൻസി തന്നെയായിരുന്നുവോ;

(ഡി) വയർലസ് ഉപകരണത്തിലൂടെ പോലീസിന്റെ സന്ദേശങ്ങൾ പിടിച്ചെടുക്കുവാൻ കഴിയുമായിരുന്നുവോ;

(ഇ) വയർലസ് സന്ദേശങ്ങൾ പിടിച്ചെടുക്കാനുള്ള കൺട്രോൾ റൂം മണിച്ചന്റെ വീട്ടിൽ സജ്ജീകരിച്ചിരുന്നുവോ;

(എഫ്)ഈ വയർലസ് ഉപകരണം മണിച്ചനു ലഭിച്ചത് എപ്രകാരം ആയിരുന്നു?

ഉത്തരം

(എ...എഫ്)പോലീസ് ഉപയോഗിക്കുന്ന വയർലസ്സിനു സമാനമായ ഒന്നല്ല കണ്ടെത്തിയത്. പോലീസിന്റെ വയർലസ് സന്ദേശങ്ങൾ പിടിച്ചെടുക്കാനുതകുന്നതാണെന്നോ, അവിടെ കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നതായോ യാതൊരു തെളിവും ലഭിച്ചിട്ടില്ല.

112 (130) പോലീസ് റെയ്ഡുകളിൽ പിടിച്ചെടുത്ത സാധനങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കല്ലുവാതുക്കൽ മദ്യദുരന്തത്തിനു ശേഷം അബ്കാരി കോൺട്രാക്ടർ മണിച്ചന്റെ വസതിയിൽ എത്ര പ്രാവശ്യം റെയിഡു ചെയ്തിട്ടുണ്ട്;

(ബി) ഓരോ റെയിഡിലും എന്തെല്ലാം സാധനങ്ങൾ അവിടെ നിന്നും കണ്ടെത്തുകയും പോലീസ് അധികാരികൾ പിടിച്ചെടുക്കുകയും ചെയ്തു;

(സി) പ്രസ്തുത റെയിഡുകളിൽ പിടിച്ചെടുത്ത സാധനങ്ങളുടെ മഹസ്സർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) പിടിച്ചെടുത്ത ഏതെങ്കിലും സാധനങ്ങൾ കാണാതായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾ എന്നു പറയുമോ?

ഉത്തരം

(എ) ഒരു തവണ പരിശോധന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly